**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4230** **18-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ണശ്ശ സ്മാരക ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ ഓപ്പൺ എയർ ഓഡിറ്റോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ല നിയോജക മണ്ഡലത്തിലെ കണ്ണശ്ശ സ്മാരക ഗവ. ഹയർസെക്കണ്ടറി സ്കൂൾ മികവിന്റെ കേന്ദ്രമാക്കുന്നതിനായി ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക സ്കൂളിന്റെ നിർമ്മാണത്തിന് ശേഷം ആവശ്യമില്ലെന്ന് അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ടി സ്കൂളിൽ ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി നൽകിയ നിർദ്ദേശത്തിൻമേൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | തിരുവല്ല നിയോജകമണ്ഡലത്തിലെ കണ്ണശ്ശ സ്മാരക ഗവ. ഹയർസെക്കണ്ടറി സ്കൂൾ മികവിന്റെ കേന്ദ്രമാക്കുന്നതിനായി ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക സ്കൂളിന്റെ നിർമ്മാണത്തിന് ആവശ്യമില്ലെന്ന് അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ടി സ്കൂളിൽ ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് പ്രത്യേകാനുമതിക്കായി നൽകിയ ശിപാർശ ധനകാര്യ വകുപ്പിൽ ഇ 2494775 നമ്പർ ഫയലിൽ പരിശോധിക്കുകയും ഭരണാനുമതി ഉത്തരവിൽ നിന്നും വ്യത്യസ്തമായി എഡിഎസ് പോർട്ടലിൽ കണ്ണശ്ശ സ്മാരക ഗവൺമെന്റ് എച്ച് എസ് എസ് നെ മികവിന്റെ കേന്ദ്രമാക്കുന്നതിന് ആസ്തി വികസന പദ്ധതി 2017-18 ൽ നിന്നും 83 ലക്ഷം രൂപ അനുവദിച്ചുകാണുന്നതിന്മേലുള്ള വിശദീകരണവും ഇപ്പോൾ പ്രത്യേകാനുമതി ആവശ്യപ്പെട്ടിട്ടുള്ള ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്/ഡിപിആർ എന്നിവ ലഭ്യമാക്കുവാനും പത്തനംതിട്ട ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് അടിയന്തരമായി ലഭ്യമാക്കി ഫയൽ തീർപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ